**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 284** **27-06-2024 - ൽ മറുപടിയ്ക്ക്**

**അധിനിവേശ സസ്യങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വനയോരമേഖലയിൽ കൃഷി സ്ഥലത്തോട് ചേർന്ന് യൂക്കാലി, അക്കേഷ്യ അടക്കമുള്ള മരങ്ങൾ നട്ടുവളർത്തിയത് കൃഷിയെ സാരമായി ബാധിച്ചു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | യൂക്കാലി, അക്കേഷ്യ അടക്കമുള്ള മരങ്ങൾ നട്ടുവളർത്തിയത് കൃഷിയെ സാരമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>യൂക്കാലി, അക്കേഷ്യ എന്നീ വിദേശി-ദ്രുത വളർച്ച വൃക്ഷങ്ങൾ കേരളത്തിന്റെ കാർഷിക ആവാസ വ്യവസ്ഥക്ക് അനുഗുണമല്ല. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ കാർഷിക മേഖലയുടെ പാരിസ്ഥിതിക അതിജീവനം സാധ്യമാക്കുന്നതിൽ വൃക്ഷങ്ങൾക്കുള്ള പങ്ക് വലുതാണ്. കേരളത്തിന്റെ കാർഷിക മേഖലയിൽ വളർത്താൻ അനുയോജ്യമായ ധാരാളം തദ്ദേശീയ വൃക്ഷങ്ങൾ ഉണ്ടായിരിക്കെ ഇത്തരം വിദേശ വൃക്ഷങ്ങൾ ഒഴിവാക്കുന്നതാണ് ഉചിതം. കൃഷി വകുപ്പ് ഇത്തരം വിദേശി-ദ്രുത വളർച്ച വൃക്ഷങ്ങൾ തോട്ട അടിസ്ഥാനത്തിലോ, കാർഷിക വനവൽക്കരണത്തിന്റെ ഭാഗമായോ പ്രോത്സാഹിപ്പിക്കുന്നില്ല. |
| (ബി) | ഇടുക്കി, വട്ടവട അടക്കമുള്ള സ്ഥലങ്ങളിൽ അധിനിവേശ സസ്യങ്ങൾ വ്യാപകമായി കൃഷിനാശത്തിന് കാരണമാകുന്നു എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഉണ്ട്. അധിനിവേശ സസ്യങ്ങൾ കേരളത്തിന്റെ ഭൂപ്രകൃതിക്കും കാർഷിക വന ആവാസ വ്യവസ്ഥയ്ക്കും സാരമായ ദോഷ ഫലങ്ങൾ സൃഷ്ടിക്കുന്നതാണ്. പരിസ്ഥിതിലോല മേഖലകളിൽ, പ്രത്യേകിച്ചും കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തരഫലങ്ങൾ അധിനിവേശ സസ്യങ്ങളുടെ വളർച്ചയ്ക്കും വ്യാപനത്തിനും ആക്കം കൂട്ടിയിട്ടുണ്ട്. ഇടുക്കി, വട്ടവട അടക്കമുള്ള സ്ഥലങ്ങളിലെ അധിനിവേശ സസ്യങ്ങൾ ഏതൊക്കെയാണെന്നും അവ വനത്തിനും കൃഷിക്കും ഉണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും കേരള വന ഗവേഷണകേന്ദ്രം പഠനം നടത്തിയിട്ടുണ്ട്. അധിനിവേശ സസ്യങ്ങൾ നിറഞ്ഞ ഭൂപ്രദേശങ്ങളിൽ നിന്ന് അവയെ മാറ്റുവാനും |

| | | | |
|---|---|---|---|
| | | | തദ്ദേശീയ സസ്യങ്ങളെ തിരികെ കൊണ്ടുവരാനുള്ള ശ്രമങ്ങൾ കെ എഫ് ആർ ഐ യിൽ (കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) പ്രവർത്തിക്കുന്ന നോഡൽ സെന്റർ ഫോർ ബയോളോജിക്കൽ ഇന്നൊവേഷൻസ് നടത്തിവരുന്നുണ്ട്. |
| (സി) | കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഇത്തരം അധിനിവേശ സസ്യങ്ങളെ വെട്ടിമാറ്റാൻ 2011-2016 കാലയളവിലെ സർക്കാർ അനുവർത്തിച്ച മാതൃകയിൽ ധനസഹായം ലഭ്യമാക്കുമോ; വിശദമാക്കുമോ? | (സി) | നിലവിൽ കൃഷിവകുപ്പ് മുഖേന അധിനിവേശ സസ്യങ്ങളെ വെട്ടിമാറ്റാൻ ധനസഹായം നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ